പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :615 — 29. 01. 2019 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കൽ

ചോദ്യം

ശ്രീ. എൻ.ഷംസുദ്ദീൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശ-ദാംശം നൽകാമോ ;<br><br>(ബി) ഇതിനായി ഏതെങ്കിലും സമിതിയെ ബോർഡ് നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (എ) & (ബി) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, 2008-09 - ൽ നിലവിലുണ്ടായിരുന്ന 27,175 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ മാത്രമേ ARR & ERC–ൽ തുടർന്നുള്ള വർഷങ്ങളിൽ അനുവദിച്ചിരുന്നുള്ളൂ. കൂടാതെ 30-04-2013 ലെ ഉത്തരവ് പ്രകാരം ജീവനക്കാരുടെ പുനഃക്രമീകരണം നടത്തി റിപ്പോർട്ട് ചെയ്യണം എന്ന് റഗുലേറ്ററി കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ ഫലപ്രദമായ വിനിയോഗവും പുന ക്രമീകരണവും സംബന്ധിച്ച് പഠനം നടത്തുവാൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിക്കുന്നതിലേക്കായി രൂപീകരിച്ച ഉന്നതതല കമ്മിറ്റി, വിവിധ ഓഫീസുകളുടേയും ജീവനക്കാരുടേയും പുന ക്രമീകരണം സംബന്ധിച്ച് മുന്നോട്ട് വച്ച നിർദ്ദേശങ്ങളിൽ നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും, പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനു ശേഷം, വിവിധ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ